# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2512** | **12/02/2020-ൽ മറുപടിയ്ക്ക്**

### പ്രാഥമിക സഹകരണ ബാങ്കുകളുടെ നിലനിൽപ്പ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി. മമ്മൂട്ടി | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | കേരള ബാങ്കിന് വിദേശത്ത് ശാഖ തുടങ്ങാൻ കഴിയുമോ; കേരള സഹകരണ നിയമചട്ടം അനുസരിച്ച് രൂപീകൃതമാകുന്ന ഒരു സഹകരണ സ്ഥാപനത്തിന് വിദേശത്ത് ശാഖ തുടങ്ങാൻ നിയമം അനുവദിക്കുന്നുണ്ടോ; | (എ) | കേരള സഹകരണ സംഘം നിയമങ്ങളും ചട്ടങ്ങളും അനുശാസിച്ചാണ് സംസ്ഥാന സഹകരണ ബാങ്ക് പ്രവർത്തിക്കുന്നത്. വിദേശത്ത് ശാഖ തുടങ്ങുന്ന കാര്യം ഗവൺമെന്റിന്റെയും RBI/നബാർഡ് തുടങ്ങി റെഗുലേറ്റർ സ്ഥാപനങ്ങളുടെയും അംഗീകാരത്തോടെ പിന്നീട് ആലോചിക്കുന്നതാണ്. |
| (ബി) | പ്രാഥമിക സഹകരണ ബാങ്കുകൾ അംഗങ്ങൾക്ക് നൽകുന്ന വായ്പയ്ക്ക് ഈടാക്കുന്ന പലിശയേക്കാൾ 1% കുറവാണോ കേരള ബാങ്ക് ഈടാക്കുന്ന പലിശ; | (ബി) | സഹകരണ സംഘങ്ങളിലെ വായ്പാ പലിശ നിർണ്ണയിക്കുന്നത് പലിശ നിർണ്ണയ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാറാണ്. |
| (സി) | കൂടാതെ 2% ഓഹരി കൂടി പ്രാഥമിക സഹകരണ ബാങ്കുകൾ അംഗങ്ങളിൽ നിന്ന് ഈടാക്കുന്നുണ്ടോ; ഇങ്ങനെ പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ എടുക്കുവാൻ ആരെങ്കിലും തയ്യാറാകുമോ; | (സി) & (ഡി) | സഹകരണ നിയമത്തിലെ വ്യവസ്ഥ പ്രകാരം മാക്സിമം 2% ഓഹരി വായ്പക്കാരിൽ നിന്ന് ഈടാക്കാവുന്നതാണ്. വായ്പക്കാരുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനാണ് ആയത് നിഷ്കർഷിച്ചിരിക്കുന്നത്. ആയതിന് ഡിവിഡന്റ് നൽകുന്നുണ്ട്. |
| (ഡി) | ഇത് പ്രാഥമിക സഹകരണ ബാങ്കുകളുടെ നിലനിൽപ്പിനെ ബാധിക്കുമോ എന്ന് വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| (ഇ) | കേരള ബാങ്ക് ആദ്യ മൂന്ന് വർഷം 10% ലാഭവിഹിതം നൽകുമോ; കേരള സംസ്ഥാന സഹകരണ സംഘം നിയമം വകുപ്പ് 56 പ്രകാരം പ്രവർത്തന ലാഭം ഉണ്ടാകില്ലെങ്കിൽ എങ്ങനെ ലാഭവിഹിതം കൊടുക്കും എന്ന് വ്യക്തമാക്കാമോ; | (ഇ) | കേരള ബാങ്കിന് തുടക്കത്തിൽ തന്നെ ലാഭവിഹിതം നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (എഫ്) | മലപ്പുറം ജില്ല സഹകരണ ബാങ്കിനെ സംരക്ഷിക്കാൻ സർക്കാർ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (എഫ്) | സഹകരണ നിയമത്തിലെ വ്യവസ്ഥ കൾക്ക് വിധേയമായി പൊതു താൽപ്പര്യം മുൻനിർത്തി മലപ്പുറം ജില്ലാ ബാങ്കിനേയും സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കാൻ നടപടി സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ.